ഹാബിറ്റും, എഫ്.ഐ.ആർ.-ന്റെ വിവരങ്ങൾ, അപകടത്തിൽപ്പെട്ട ഇതര വാഹനത്തിന്റെ വിവരങ്ങൾ മുതലായവ) രേഖപ്പെടുത്തി അപകടം ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് അക്സിഡന്റ് ഇൻഫർമേഷൻ കൺട്രോൾ സിസ്റ്റവും (AICS) അക്സിഡന്റ് മോണിറ്ററിംഗ് സെൽ (AMC)-ഉം നിലവിൽ പ്രവർത്തിച്ചുവരുന്നു.

ഡ്രൈവർമാരുടെ ഡ്രൈവിംഗ് സംബന്ധിച്ച പോരായ്മകൾ കണ്ടെത്തി അപ്പപ്പോൾ തിരുത്തുന്നതിനും ആവശ്യമെങ്കിൽ അവരെ തിരുത്തൽ പരിശീലനത്തിന് നിയോഗിക്കുന്നതിനും വിദഗ്ധ പരിശീലനം സിദ്ധിച്ച ഡ്രൈവർ ട്രെയിനർമാരുടെ സേവനവും കെ.എസ്.ആർ.ടി.സി. ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്.

(ഡി) അപകടനിരക്ക് കുറയ്ക്കുന്നതിന് മുൻകാലങ്ങളിൽ എടുത്തിരുന്ന നടപടികൾക്ക് പുറമെ ഈ വർഷം പുതുതായി അപകടരഹിതമായി വാഹനമോടിക്കുന്ന ഡ്രൈവർമാർക്ക് പാരിതോഷികം നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി. കൂടാതെ ഓരോ അപകടങ്ങളും വിശദമായി പരിശോധിക്കുന്നതിനും അപകടം ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി അക്സിഡന്റ് മോണിറ്ററിംഗ് സെൽ (AMC) ഈ വർഷം രൂപീകരിക്കുകയുണ്ടായി.

അപകടങ്ങൾ കുറയ്ക്കാൻ സ്വീകരിച്ച നടപടി

141 (591) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന അപകടങ്ങൾ കുറയ്ക്കാൻ മോട്ടോർ വാഹന വകുപ്പിലെ പരിശോധന സംവിധാനം കൂടുതൽ കർശനമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിലെ വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിക്കാത്തത് വാഹനപരിശോധന കർശനമാക്കുന്നതിന് വകുപ്പിന് ബുദ്ധിമുട്ട് വരുത്തുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ആകെയുള്ള 101 ഓഫീസുകളിലായി 475 വാഹന പരിശോധനാ ഉദ്യോഗസ്ഥർ മാത്രമാണ് നിലവിലുള്ളത്. കഴിഞ്ഞ 20 കൊല്ലത്തിനിടയിൽ വാഹനങ്ങളുടെ എണ്ണത്തിൽ പത്തിരട്ടി വർദ്ധനവ് വന്നപ്പോൾ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ വർദ്ധനവ് നാമമാത്രമായിരുന്നു. ഇപ്പോൾ നിലവിലുള്ള ഉദ്യോഗസ്ഥരെ ഈ ഒരാവശ്യത്തിന് മാത്രമായി നിയോഗിച്ചാൽ പോലും ഈ തലത്തിൽ പ്രതീക്ഷിക്കുന്ന ഫലത്തിന്റെ അടുത്ത് എത്താൻ കഴിയില്ല. ഇത്തരം ഉദ്യോഗസ്ഥൻമാർക്ക് ദൈനംദിനം ചെയ്തുതീർക്കേണ്ട മറ്റ് പല കാര്യങ്ങൾക്കുള്ള സമയം കണക്കാക്കുമ്പോൾ ശരാശരി 10% സമയംപോലും

LIBRARY ARCHIVES Kerala Legislative Assembly

ഈ ആവശ്യത്തിനായി വിനിയോഗിക്കാൻ സാധിക്കുന്നില്ല. ഇതിനെല്ലാം പുറമേ വാഹന പരിശോധനാ സമയങ്ങളിൽ വിവിധ കുറ്റകൃത്യങ്ങൾക്ക് കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ വകുപ്പിന് സ്ഥലസൗകര്യം ഇല്ലാത്തതും ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വാഹനങ്ങൾ സൂക്ഷിക്കാൻ വേണ്ടത്ര സ്ഥലം ഇല്ലാത്തതിനാൽ പല സ്ഥലങ്ങളിലും ഇത്തരം വാഹനങ്ങൾ പിടിച്ചെടുക്കാൻ കഴിയാതെ പോകുന്നു. കഴിഞ്ഞ അഞ്ച് വർഷങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് അപകടങ്ങളുടെ എണ്ണം സാരമായി കുറഞ്ഞിട്ടുണ്ട് എന്നാണ്. ബോധവൽക്കരണ പരിപാടികളും കഴിയുന്നത്ര വാഹന പരിശോധനകളും നടത്തിവരുന്നു.

(ബി) സംസ്ഥാനത്ത് റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരന്തരം വാഹന പരിശോധന നടത്തുന്നുണ്ട്. ഇതിനായി 17 ആർ.ടി. ഓഫീസുകളിലും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. രാത്രികാലങ്ങളിലും വാഹന പരിശോധന സംഘടിപ്പിക്കാറുണ്ട്. ഓഫീസ് തലങ്ങളിൽ നടന്നുവരുന്ന പരിശോധനകൾക്ക് പുറമേ സംസ്ഥാനത്ത് ആകമാനമുള്ള മോട്ടോർ വാഹന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക വിഷയങ്ങൾക്ക് ഊന്നൽ നൽകി പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന വാഹനങ്ങൾ വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ പരിശോധനക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ നാല് മേഖലകളിലായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഇന്റർസെപ്റ്റർ വാഹനം ഉപയോഗിച്ച് 4 മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസുകളുടെ നേതൃത്വത്തിൽ ഫ്ളൈയിംഗ് സ്ക്വാഡ് പരിശോധനകളും നടത്തിവരുന്നു. റോഡ് സുരക്ഷ സംബന്ധിച്ച വിവിധ പ്രവർത്തനങ്ങൾ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

റോഡപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ

142 (592) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) പാതയോരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കൂറ്റൻ പരസ്യബോർഡുകളും അവയിൽ രാത്രി പ്രകാശിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള വെളിച്ച സംവിധാനങ്ങളും റോഡപകടങ്ങൾക്ക് ഹേതുവാകുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇവ പഠനവിധേയമാക്കി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly